പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3392 — 14.10.2011 - ലെ മറുപടിക്കുണ്ടായിരുന്നത്

## അശരണർക്ക് സുരക്ഷിതത്വം ഉറപ്പാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. ഹംസ : | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പ്രായാധിക്യത്താലും, മറ്റവശതയാലും കഷ്ടപ്പെടുന്ന വൃദ്ധർ, വിധവകൾ, അശരണർ മുതലായവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചുവരുന്നത് എന്ന് വിശദീകരിയ്ക്കാമോ ; | (എ) | നിരാലംബരായ വൃദ്ധരെ സംരക്ഷിക്കുന്നതിന് സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 15 വൃദ്ധ സദനങ്ങൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ സർക്കാർ ഗ്രാന്റ് നൽകുന്ന 154 വൃദ്ധ സദനങ്ങൾ, സന്നദ്ധ സംഘടനകൾ നടത്തുന്നു. സർക്കാർ വൃദ്ധ സദനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണത്തിന് പ്രതിമാസം 750/- രൂപയും മരുന്നിന് 300 രൂപയും വസ്ത്രത്തിന് പ്രതിവർഷം 1000/- രൂപയും ഗ്രാന്റ് നൽകിവരുന്നു. അനാരോഗ്യം ബാധിച്ച് നിരാശ്രയരായി തെരുവുകളിൽ അലഞ്ഞുതിരിയുന്നവർക്കും രോഗം ഭേദമായതിനുശേഷം ആരും സ്വീകരിക്കാനില്ലാതെ ആശുപത്രിയിൽ കഴിയുന്ന വൃദ്ധർ ഉൾപ്പെടെയുള്ളവർക്ക് സംരക്ഷണം നൽകുന്നതിനുമുള്ള പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ മൂന്ന് സ്ഥാപനങ്ങൾക്കും എറണാകുളം ജില്ലയിലെ 4 സ്ഥാപനങ്ങൾക്കും ഓരോ അന്തേവാസിക്കും പ്രതിമാസം 750/- രൂപ നിരക്കിൽ ഗ്രാന്റ് നൽകിവരുന്നു.<br>വിധവകൾക്ക് കഴിവും പ്രാപ്തിയും സാമ്പത്തിക നിലയും ഉള്ള അവസരത്തിൽ സംരക്ഷകരുണ്ടായിരിക്കുകയും അവസാന നാളുകളിൽ ആരും സംരക്ഷിക്കാനില്ലെന്ന അവസ്ഥയുണ്ടാവുകയും ചെയ്യുന്നത് ഒഴിവാക്കുന്നതിനാണ് വിധവാ വിവാഹ |

| | | | |
|---|---|---|---|
| | | | പ്രോത്സാഹന പദ്ധതി (മംഗല്യ) നടപ്പിലാക്കുന്നത്. ബി.പി.എൽ കുടുംബങ്ങളിൽ ഉൾപ്പെട്ട വിധവകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. നിലവിൽ 25000 രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്. പ്രായാധിക്യത്താലും മറ്റും ശയ്യാവലംബരായവരെ പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന ആശ്വാസ കിരണം പദ്ധതി, ചൂഷണത്തിന് വിധേയരായ അശരണരായ അവിവാഹിത അമ്മമാർക്ക് 1000/- രൂപ നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിക്കുന്ന സ്നേഹസ്പർശം പദ്ധതി, 65 വയസ്സിനു മുകളിലുള്ള വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്ന വയോമിത്രം പദ്ധതി എന്നിവ കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പാക്കിവരുന്നു. |
| (ബി) | പ്രസ്തുത വിഭാഗങ്ങളുടെ സംരക്ഷണത്തിനായി എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നത് ; | | സാധു ഭവനങ്ങൾ, യാചക കേന്ദ്രങ്ങൾ, അബലാ മന്ദിരം, വൃദ്ധ സദനങ്ങൾ എന്നിവയ്ക്കായി 18,60,000/- രൂപ ഈ സാമ്പത്തിക വർഷം സാമൂഹ്യക്ഷേമ വകുപ്പ് വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുവാൻ അനുവദിച്ചിട്ടുണ്ട്. ആശ്വാസകിരണം പദ്ധതിക്കുവേണ്ടി 12കോടി രൂപയും സ്നേഹസ്പർശം പദ്ധതിക്കുവേണ്ടി 1 കോടി രൂപയും നീക്കി വെച്ചിട്ടുണ്ട്. വയോമിത്രം പദ്ധതിക്കുവേണ്ടി നടപ്പ് വർഷം 3 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കി സാമൂഹ്യ സുരക്ഷാ മിഷന്റെ ഫണ്ടിൽ നിന്നും ചെലവഴിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | 2011 ജൂൺ 1 മുതൽ ആഗസ്റ്റ് 31 വരെയുള്ള കാലയളവിൽ എത്ര തുക ചെലവഴിച്ചു. എന്തെല്ലാം ആനുകൂല്യങ്ങൾ നൽകി എന്ന് വിശദമാക്കാമോ : | (സി) | ഈ സാമ്പത്തിക വർഷത്തിൽ 36,66,200 രൂപയും 1.06.2011 മുതൽ 31.08.2011 വരെയുള്ള കാലയളവിൽ 7,41,200 രൂപയും സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ് വഴി ചെലവഴിച്ചിട്ടുണ്ട്.<br>ആശ്വാസകിരണം പദ്ധതിക്കുവേണ്ടി 62,22,775 രൂപയും സ്നേഹസ്പർശം പദ്ധതിക്കുവേണ്ടി 3,19,410 രൂപയും വയോമിത്രം പദ്ധതിക്കുവേണ്ടി 12,48,149 രൂപയും പ്രസ്തുത കാലയളവിൽ ചെലവഴിച്ചു.<br>ആശ്വാസകിരണം പദ്ധതിയിലൂടെ 8088 ഗുണഭോക്താക്കൾക്ക് 300/- രൂപാ നിരക്കിലും സ്നേഹസ്പർശം പദ്ധതിയിലൂടെ 3771 ഗുണഭോക്താക്കൾക്ക് 1000/- രൂപ നിരക്കിലും പ്രതിമാസ ധനസഹായം അനുവദിച്ചു. വയോമിത്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനങ്ങളിലെ മുനിസിപ്പാലിറ്റി/കോർപ്പറേഷനിലെ വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിന് സാന്ത്വനം, ഹെൽപ്പ് ഡെസ്ക്, മൊബൈൽ ക്ലിനിക്ക്, പാലിയേറ്റീവ് ഹോം കെയർ യൂണിറ്റ് എന്നിവയുടെ സേവനം നൽകിവരുന്നു |
| (ഡി) | മേൽവിഭാഗത്തിൽ പ്പെട്ടവരുടെ ചികിത്സാ ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചു. ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ : | (ഡി) യും (ഇ) യും | (ഡി)യും(ഇ)യും ചികിത്സാധന സഹായത്തിനായി ലഭിച്ച അപേക്ഷകളും അതിൽ അനുവദിച്ച അപേക്ഷകളുടെ എണ്ണവും ജില്ലാടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു |
| (ഇ) | അതിൽ എത്ര എണ്ണം അനുവദിച്ചു എന്നതിന്റെ കണക്ക് ജില്ലാടിസ്ഥാനത്തിൽ നൽകാമോ ? | | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ജില്ല | പ്രായാധിക്യത്താലും മറ്റ് അവശതയാലും കഷ്ടപ്പെടുന്ന വൃദ്ധർ, വിധവകൾ, അശരണർ മുതലായവരുടെ സംരക്ഷണത്തിനായി ചെലവഴിച്ചിട്ടുള്ള തുക (ബി പിരിവ്) | ചികിത്സാ ധനസഹായത്തിനായി ലഭിച്ച അപേക്ഷകൾ | ചികിത്സാ ധനസഹായം അനുവദിച്ചിട്ടുള്ളവരുടെ എണ്ണം | അഭിപ്രായം |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 7,30,000 | 883 | 41 | |
| 2 | കൊല്ലം | - | 1 | - | അനുവദിച്ചിട്ടില്ല |
| 3 | പത്തനംതിട്ട | ജില്ലയിൽ തുക നീക്കിവെച്ചിട്ടില്ല | ലഭിച്ചിട്ടില്ല | ബാധകമല്ല | |
| 4 | ആലപ്പുഴ | 15,70,300 | 425 | 27 | |
| 5 | കോട്ടയം | 31,03,003 | അപേക്ഷ ലഭിച്ചിട്ടില്ല | ബാധകമല്ല | |
| 6 | ഇടുക്കി | 19,70,578 | അപേക്ഷ ലഭിച്ചിട്ടില്ല | ബാധകമല്ല | |
| 7 | എറണാകുളം | 9,07,815 | അപേക്ഷ ലഭിച്ചിട്ടില്ല | ബാധകമല്ല | |
| 8 | തൃശ്ശൂർ | 8,79,600 | അപേക്ഷ ലഭിച്ചിട്ടില്ല | ബാധകമല്ല | |
| 9 | പാലക്കാട് | അലോട്ട്മെന്റ് ലഭിച്ചിട്ടില്ല | അപേക്ഷ ലഭിച്ചിട്ടില്ല | ബാധകമല്ല | |
| 10 | മലപ്പുറം | 8,79,000 | 976 | 77 | |
| 11 | കോഴിക്കോട് | 26,17,524 | 141 | 48 | |
| 12 | വയനാട് | 4,20,000 | 142 | 15 | |

| | | | | | |
|---|---|---|---|---|---|
| 13 | കണ്ണൂർ | 4,26,850 | 779 | 165 | |
| 14 | കാസർഗോഡ് | 75,000 | 234 | 26 | |
| ആകെ | | **1,35,79,670** | **3581** | **399** | |

സെക്ഷൻ ഓഫീസർ